**5. ഓർത്തിരിക്കേണ്ട തിയ്യതികൾ**

1. പെയിന്റിംഗ് മത്സരം - **ഓഗസ്റ്റ് 11**
2. അവതരണ ഇനങ്ങളുടെ സ്ക്രിപ്റ്റ് - **ഓഗസ്റ്റ് 24**
3. ക്വിസ് മത്സരം
   ഫൊറോന - **സെപ്റ്റംബർ 14** (10.00 am - 12.00 pm)
   രൂപത - **സെപ്റ്റംബർ 21** (10.00 am)
4. രൂപതാതല രജിസ്ട്രേഷൻ - **ഒക്ടോബർ 15**
5. ഭക്ഷണം വേണ്ടവരുടെ എണ്ണം - **ഒക്ടോബർ 30**
6. രചനാമത്സരങ്ങൾ സമർപ്പിക്കേണ്ടത്
   രൂപത - **നവംബർ 1**
   പി.ഒ.സി. - **നവംബർ 9**

**6. ഫൊറോന മത്സരങ്ങൾ**

ഒക്ടോബർ 7 - പാലക്കാട്, തത്തമംഗലം, ഒലവക്കോട്, ഒറ്റപ്പാലം

ഒക്ടോബർ 8 - വടക്കഞ്ചേരി, മംഗലംഡാം, മേലാർകോട്

ഒക്ടോബർ 12 - മണ്ണാർക്കാട്, കാഞ്ഞിരപ്പുഴ, പൊന്നംകോട്, താവളം

**രൂപതാ കലോത്സവം - നവംബർ 9**


Director , Diocesan Bible Apostolate
Pastoral Centre, Pallippuram, Palakkad- 678006
Ph: 0491 2510257


For more details, please visit
**www.catechismpalghat.org**
Blog: www.bibleapostolatepalghat.blogspot.in





# അഖില കേരള ബൈബിൾ കലോത്സവം-2019

## നിയമാവലി

### സർക്കുലർ 1

**ബൈബിൾ അപ്പസ്തോലേറ്റ്**
**പാലക്കാട് രൂപത**

## അഖിലകേരള
## ബൈബിൾ കലോത്സവം-2019

### 1. പൊതുനിർദ്ദേശങ്ങൾ

1.1. 2019 നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 8.00 മണിക്ക് രൂപതാ ബൈബിൾ കലോത്സവം രൂപതാ പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തുന്നു.

1.2. പാലക്കാട് രൂപതാംഗങ്ങൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാനാവൂ. അവർ സ്വന്തം ഇടവകയിൽനിന്നും മത്സരിക്കേണ്ടതാണ്.

1.3. **ജൂനിയേഴ്സ്:** 2005 ജനുവരി 1-ാം തിയ്യതിയോ അതിനുശേഷമോ ജനിച്ചവർ.

**സീനിയേഴ്സ്:** 1995 ജനുവരി 1 മുതൽ 2004 ഡിസംബർ 31 വരെ (31 ഉൾപ്പെടെ) ജനിച്ചവർ.

1.4. ജൂനിയർ, സീനിയർ, വിഭാഗത്തിലുള്ളവർ അതത് വിഭാഗങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ. **പി.ഒ.സി.യിലേക്കുള്ള പെയിന്റിംഗ് ഒഴികെയുള്ള രചനാമത്സരങ്ങൾക്ക് പ്രായനിബന്ധനകളില്ല.** പ്രായനിബന്ധനയില്ലാത്ത പെയിന്റിംഗ് ഒഴികെയുള്ള രചനാ മത്സരങ്ങളിൽ സംസ്ഥാന തലത്തിലേയ്ക്ക് (POC) നേരിട്ട് മത്സരിക്കാവുന്നതാണ്

1.5. പെയിന്റിംഗ് ഒഴികെയുള്ള രചനാമത്സരങ്ങളിൽ ഒരു ഇടവകയിൽ നിന്ന് എത്ര പേർക്ക് വേണമെങ്കിലും പങ്കെടുക്കാം. പെയിന്റിംഗിന് ജൂനിയറിലും, സീനിയറിലുമായി മൂന്നുപേർ വീതം ആകെ 9 പേർക്ക് ഒരു ഇടവകയിൽനിന്ന് പങ്കെടുക്കാം. **രചനാമത്സരങ്ങൾക്ക് സമ്മാനങ്ങളുണ്ടെങ്കിലും ഗ്രേയ്ഡോ പോയിന്റോ രൂപതാ ഫൊറോന തലങ്ങളിൽ ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ വ്യക്തിഗത ചാമ്പ്യൻഷിപ്പിനോ ഓവറോൾ ചാമ്പ്യൻഷിപ്പിനോ പരിഗണിക്കുന്നതല്ല.**

1.6. മറ്റു മത്സരയിനങ്ങൾ ചുവടെ :



ടുത്തുകയും അവയ്ക്ക് ബൈബിൾ സന്ദേശവുമായി ബന്ധമുണ്ടായിരിക്കുകയുംവേണം. ഈ ബൈബിൾ സന്ദേശം നൽകുന്ന റഫറൻസും നൽകേണ്ടതാണ്.

3.10.3. നാടകത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണം ക്രിസ്തീയ സത്യവിശ്വാസങ്ങൾക്ക് വിരുദ്ധമാകരുത്.

3.10.4. നാടകത്തിന്റെ അന്ത:സത്ത ബൈബിൾ സന്ദേശം ഉൾകൊള്ളുന്നതാവണം.

### 4. പ്രത്യേക ശ്രദ്ധയ്ക്ക്

4.1. **ഗ്രൂപ്പ് ഇനങ്ങളിൽ രജിസ്റ്റർ ചെയ്ത ഒരാൾക്ക്, ആരോഗ്യപരമായ കാരണങ്ങളാൽ മത്സരത്തിൽ പങ്കെടുക്കാനാവാത്ത അവസ്ഥ വന്നാൽ പകരം മറ്റൊരാളെ പങ്കെടുപ്പിക്കാവുന്നതാണ്. മത്സരാർത്ഥികളുടെ പേരു വിവരങ്ങളും ഫോട്ടോ പതിച്ച ജനന സർട്ടിഫിക്കറ്റും ഇടവകയുടെ ലെറ്റർ പാഡിലുള്ള വികാരിയച്ചന്റെ സാക്ഷ്യപത്രവുംകൂടി ഫൊറോന ഡയറക്ടർ വഴി മത്സരത്തിന് 24 മണിക്കൂർ മുമ്പ് രൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെ ഓഫീസിൽ നൽകേണ്ടതാണ്.**

4.2. ഇ-മെയിൽ, ഫോൺ മുതലായവയിലൂടെയുള്ള, ആളെ മാറ്റുന്നത് സംബന്ധിച്ച, യാതൊരുവിധ എൻട്രികളും ഫൊറോന/ രൂപതാകേന്ദ്രത്തിൽ സ്വീകരിക്കുന്നതല്ല.

4.3. ഓരോ മത്സരത്തിനും അനുവദിക്കപ്പെട്ടതിലും കൂടുതൽ സമയമെടുത്താൽ അവർ അയോഗ്യരായി പ്രഖ്യാപിക്കപ്പെടും.

4.4. മത്സരങ്ങളുടെ നടത്തിപ്പിന്റെ സമയക്രമത്തിൽ മാറ്റം വരുത്തുവാൻ കമ്മറ്റിക്ക് അധികാരം ഉണ്ടായിരിക്കും.

4.5. ബൈബിൾ കലോത്സവുമായി ബന്ധപ്പെടുന്ന എല്ലാ അറിയിപ്പുകളും രൂപതാ ബൈബിൾ അപ്പോസതോലേറ്റിന്റെ കേന്ദ്രത്തിൽ നിന്നും അതത് ഫൊറോനാ ഡയറക്ടർ അച്ചന്മാരെ ആയിരിക്കും അറിയിക്കുക.

4.6. മത്സരവേദിയിലും പരിസരത്തും മൊബൈൽ ഫോണിന്റെ ഉപയോഗം അനുവദനീയമല്ല.സ്റ്റേജിലും പരിസരത്തും ഫോട്ടോയെടുക്കാൻ ടീം മാനേജർക്കൊഴികെ മറ്റാർക്കും അനുവാദമുണ്ടായിരിക്കില്ല.

3.9.1. **വന്ദനഗാനം നിർബന്ധമായും കളിച്ചിരിക്കണം.**

3.9.2. **പാദങ്ങൾ കളിക്കുമ്പോൾ അത് ആരോഹണക്രമത്തിലായിരിക്കണം. ഉദാഹരണം 3, 8, 10, 13 എന്ന രീതിയിലാണ് ക്രമീകരിക്കേണ്ടത്. മറിച്ച് 10, 8, 6, 12 എന്ന രീതിയിൽ ആകരുത്.**

3.9.3. **പാദങ്ങൾ ആശയങ്ങൾ നഷ്ടപ്പെടാത്ത രീതിയിൽ മുറിച്ചും കളിക്കാവുന്നതാണ്.**

3.9.4. **'കലാശ'ത്തോടുകൂടി വേണം കളി അവസാനിപ്പിക്കാൻ.**

3.10. **നാടകം:** അവതരണ സമയം 20 മിനിറ്റിൽ കുറയുവാനും 30 മിനിറ്റിൽ കവിയാനും പാടില്ല. സ്റ്റേജ് സജ്ജീകരണത്തിന് ഒരു നാടകം അവസാനിച്ച് 5 മിനിറ്റ് കഴിഞ്ഞ് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിനുശേഷമേ നാടകം ആരംഭിക്കാവൂ. നാടകം ബൈബിൾ അധിഷ്ഠിതമായിരിക്കണം. നാടകത്തിന് ബാക്ക് കർട്ടൻ, ഫ്രന്റ് കർട്ടൻ, ഫുട്ട് ലൈറ്റ് (2 എണ്ണം), ഷുവർ മൈക്ക്, ബാക്ക് മൈക്ക്, (ഇവ ഓരോന്നും) രണ്ട് ഇലക്ട്രിക് പോയിന്റും ഉണ്ടായിരിക്കുന്നതാണ്. സ്റ്റേജിൽ രണ്ട് ഹാലജൻ ബൾബും ഉണ്ടായിരിക്കും. ഇവ ഉപയോഗിക്കാവുന്നതാണ്. എന്നാൽ അത് മാറ്റാനോ അതിൽ പകരം ബൾബ് ഇടാനോ പാടില്ല. **നാടകത്തിന് അഭിനേതാക്കളുടെ എണ്ണം 20 ൽ കവിയാൻ പാടില്ല.** കർട്ടൻ ഇൻചാർജ് ആയി നിശ്ചയിക്കപ്പെട്ട ആൾ ഉണ്ടാവണം. ഫൊറോനയിൽ സ്റ്റേജ്, മൈക്ക്, ഫ്രണ്ട് കർട്ടൻ ഇവ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

3.10.1 വിലയിരുത്തൽ : ഇതിവൃത്തം (25), അവതരണം (25), സംവേദനം (25), അഭിനയം (25).

3.10.1. പി.ഒ.സി. ബൈബിൾ ആസ്പദമാക്കിയായിരിക്കണം നാടകാവതരണത്തിന്റെ പ്രമേയം. അതിന്റെ റഫറൻസ് നൽകേണ്ടതാണ്.

3.10.2. ആനുകാലിക കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ ഈ കഥാപാത്രങ്ങളെ ബൈബിൾ കഥാപാത്രങ്ങളുമായി ബന്ധപ്പെ



| ജൂനിയർ | സീനിയർ | കോമൺ |
|---|---|---|
| **ലളിതഗാനം** (ആൺ) **ലളിതഗാനം** (പെൺ) **സങ്കീർത്തനാലാപനം** **ശാസ്ത്രീയ സംഗീതം** **പ്രസംഗം** **സിംഗിൾ നാടോടിനൃത്തം** (ഇടവക/ ഫൊറോന/രൂപത രണ്ടുപേർ വീതം) | **ലളിതഗാനം** (ആൺ) **ലളിതഗാനം** (പെൺ) **സങ്കീർത്തനാലാപനം** **ശാസ്ത്രീയ സംഗീതം** **പ്രസംഗം** **സിംഗിൾ നാടോടിനൃത്തം** (ഇടവക/ ഫൊറോന/രൂപത രണ്ടുപേർ വീതം) | **മാർഗ്ഗംകളി** **തെരുവുനാടകം** **ഏകാങ്കം** (ഇടവക/ ഫൊറോന/ രൂപത ഒരു ടീം വീതം) |
| **കഥാപ്രസംഗം** (വ്യക്തിഗതം) (ഇടവക/ഫൊറോന/ രൂപത ഒരു ടീം വീതം) | **കഥാപ്രസംഗം** (വ്യക്തിഗതം) (ഇടവക/ ഫൊറോന/രൂപത ഒരു ടീം വീതം) | NA |
| **ബൈബിൾക്വിസ്** ഇടവക/ഫൊറോന/ രൂപത (രണ്ടുപേർ ഉൾപ്പെടുന്ന ഒരു ടീം മാത്രം) | **ബൈബിൾ ക്വിസ്** ഇടവക/ ഫൊറോന/രൂപത (രണ്ടുപേർ ഉൾപ്പെടുന്ന ഒരു ടീം മാത്രം) | NA |

NB : **സെമിനാരിക്കാർക്കും സന്യാസാർത്ഥിനികൾക്കും, സന്യസ്തർക്കും ലേഖനമത്സരം മാത്രമേ ഉള്ളൂ**

1.7. വ്യക്തിഗത മത്സരങ്ങളിൽ പെയിന്റിംഗ് ഒഴികെ ഒരാൾക്ക് മൂന്നിനങ്ങളിൽ മാത്രമേ മത്സരിക്കാനാവൂ (വ്യക്തിഗതയിനങ്ങൾ: ലളിതഗാനം, സങ്കീർത്തനാലാപനം, ശാസ്ത്രീയസംഗീതം, പ്രസംഗം, സിംഗിൾ നാടോടിനൃത്തം, കഥാപ്രസംഗം).

1.8. സമൂഹനൃത്തം, തെരുവുനാടകം, ഏകാങ്കനാടകം എന്നിവയ്ക്ക് **അഭിനേതാക്കളുടെ എണ്ണം 20 ൽ കവിയരുത്.** സ്ക്രിപ്റ്റിനോടൊപ്പം മത്സരിക്കുന്ന അംഗങ്ങൾ എല്ലാവരുടേയും പേരും നിർദ്ദിഷ്ട ഫോമിൽ ഏൽപ്പിക്കേണ്ടതാണ്.

1.9. സിംഗിൾ നാടോടിനൃത്തം, മാർഗ്ഗംകളി, നാടകം എന്നിവയ്ക്ക് മാത്രമേ മൈക്ക് സിസ്റ്റം ലഭിക്കുകയുള്ളൂ.

1.10. ഗ്രൂപ്പിനങ്ങളിലും വ്യക്തിഗത ഇനങ്ങളിലും ഫൊറോനയിൽ പങ്കെടുത്ത് വിജയികളായവർക്കുമാത്രമേ രൂപതാ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കൂ.

1.11. മത്സരത്തിന് രജിസ്റ്റർ ചെയ്ത വ്യക്തിയാണോ മത്സരിക്കുന്നത് എന്നത് പരിശോധിച്ചതിനുശേഷം മാത്രമേ മത്സരാർത്ഥികളെ സ്റ്റേജിലേക്ക് പ്രവേശിപ്പിക്കുകയുള്ളൂ.

1.12. രൂപതാതല മത്സരങ്ങളിൽ വ്യക്തിഗതയിനങ്ങളിൽ 1 ഉം 2 ഉം സ്ഥാനം നേടിയവരും ഗ്രൂപ്പിനങ്ങളിൽ 1-ാം സ്ഥാനം കിട്ടിയവരും സംസ്ഥാനതല കലോത്സവത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**1.15. അവതരണവിഷയം**

1.15.1. എല്ലാ മത്സര ഇനങ്ങളും നേരിട്ടുള്ള ബൈബിൾ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയായിരിക്കണം. ബൈബിൾ ആഭിമുഖ്യമുള്ളതുകൊണ്ടോ ബൈബിൾ ഉദ്ധരണികൾ (Bible quotation) ചേർത്തതുകൊണ്ടോ മതിയാകുകയില്ല. തെരുവുനാടകം, നാടകം എന്നിവയിൽ അവതരണത്തിൽ ആനുകാലിക ആവിഷ്കരണം അനുവദനീയമാണ്. സൂക്ഷ്മ പരിശോധനയ്ക്ക് തരുന്ന സ്ക്രിപ്റ്റിനോടൊപ്പം ഇവയുടെ ബൈബിൾ റഫറൻസും ചേർക്കേണ്ടതാണ്.

**1.16. ഫൊറോനാതല രജിസ്ട്രേഷൻ നടത്തേണ്ടവിധം**

1.16.1. ഇടവക വികാരിയച്ചന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം ഇടവകയിൽ നിന്നുള്ള രജിസ്ട്രേഷൻ നടത്തപ്പെടേണ്ടത്.

1.16.2. എല്ലാ ഇടവകകളും നിർദ്ദിഷ്ഠ എൻട്രി ഫോറം പൂരിപ്പിക്കണം.

1.16.3. എൻട്രി ഫോറത്തിൽ ഇടവകയുടെ സീലും വികാരിയച്ചന്റെ ഒപ്പും ഉണ്ടാകണം.

1.16.4. ജൂനിയർ, സീനിയർ, വിഭാഗങ്ങൾക്ക് വെവ്വേറെ എൻട്രി ഫോമുകൾ പൂരിപ്പിക്കേണ്ടതാണ്.



3.6. **ഡാൻസ്:** സിംഗിൾ നാടോടിനൃത്തം (ജൂനിയർ, സീനിയർ) 7 മിനിറ്റ്. സ്ക്രിപ്റ്റ് നേരത്തെ അയച്ച് അംഗീകാരം നേടിയിരിക്കണം. പിന്നണിയിൽ കാസറ്റ്/സിഡി/ USB Drive സംഗീതം ഉപയോഗിക്കാം. മ്യൂസിക്ക് പ്ലെയറും, ആംപ്ലിഫയറിലേയ്ക്കുള്ള കോഡും കൊണ്ടുവരേണ്ടതാണ്.

3.7. **സങ്കീർത്തനാലാപനം:** സമയം 5 മിനിറ്റ്. പി.ഒ.സി. ബൈബിൾ ആണ് ആലാപനത്തിന് ഉപയോഗിക്കേണ്ടത്. ടെക്സ്റ്റിൽ മാറ്റം വരുത്തരുത്. വരികൾ ആവർത്തിക്കുന്നതിൽ കുഴപ്പമില്ല. ഉച്ചാരണം, ഭാവം, താളം, ലയം എന്നിവ വിലയിരുത്തപ്പെടും. ജൂനിയർ, സീനിയർ തരംതിരിവുണ്ടാകും. പാടുന്ന അദ്ധ്യായഭാഗം ഏതാണെന്ന് പറയേണ്ടതാണ്. വാകൃങ്ങൾക്ക് തുടർച്ചയുണ്ടാകണം.

3.8. **തെരുവു നാടകം:**

3.8.1. ബൈബിൾ പ്രമേയങ്ങളായിരിക്കണം അവതരിപ്പിക്കുന്നത്.

3.8.2. സമയം 20 മിനിറ്റായിരിക്കും.

3.8.3. വസ്ത്രചമയങ്ങളാകാം. എന്നാൽ കളർചായങ്ങളുപയോഗിച്ചുള്ള മേക്കപ്പ് പാടില്ല.

3.8.4. **തെരുവുനാടകത്തിന് ചെണ്ടക്കാരൻ ടീം അംഗമാണ്.**

3.8.5. രംഗത്ത് വരുന്നവരെന്നോ പിന്നണിക്കാരെന്നോ വ്യത്യാസമില്ല, എല്ലാവരും **പാലക്കാട് രൂപതാംഗങ്ങൾ ആയിരിക്കണം.**

3.8.6. തെരുവുനാടകത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണം ക്രിസ്തീയ സത്യവിശ്വാസങ്ങൾക്ക് വിരുദ്ധമാകരുത്.

3.8.7. തെരുവുനാടകത്തിന്റെ അന്തഃസത്ത ബൈബിൾ സന്ദേശം ഉൾകൊള്ളുന്നതാവണം.

3.8.8. പ്രോപ്പർട്ടീസ് ഉപയോഗിക്കാവുന്നതാണ്.

3.9. **മാർഗ്ഗം കളി:** അവതരണത്തിന് അനുവദിച്ചിട്ടുള്ള സമയം 10 മിനിറ്റാണ്. 7 പേരെ പങ്കെടുക്കാവൂ. കുഴിത്താളം (ചെറിയ ഇലത്താളം) ഉപയോഗിക്കാവുന്നതാണ്. ടീം മുൻകൂട്ടി ചുമതലപ്പെടുത്തി, സ്റ്റേജ് മാസ്റ്ററെ അറിയിക്കുന്ന വ്യക്തിയാണ് വിളക്ക് കത്തിച്ചുവയ്ക്കേണ്ടത്. നിലവിളക്ക് സ്റ്റേജിൽ ഉണ്ടായിരിക്കുന്നതാണ്.

## 3. മത്സര ഇനങ്ങളും നിബന്ധനകളും

3.1. **ലളിതഗാനം:** സമയം 5 മിനിറ്റ്. മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറേയായിരിക്കും. ഗാനങ്ങൾ ക്ലാസിക്കൽ ആകരുത്. നോക്കിപാടാൻ പാടില്ല.

3.2. **ശാസ്ത്രീയ സംഗീതം:** പാടുന്നതിന് ബൈബിൾ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ആധികാരിക കൃതിയോ മൗലിക കൃതിയോ ഉപയോഗിക്കാം. കീർത്തനങ്ങളോ വർണ്ണങ്ങളോ ആകാം. സമയം 7 മിനിറ്റ്. വീണയോ ശ്രുതിപ്പെട്ടിയോ തമ്പുരുവോ ഏതെങ്കിലും ഒന്ന് പിന്നണിയിൽ ഉപയോഗിക്കാം. ഇവ മത്സരിക്കുന്നവർ കൊണ്ടുവരേണ്ടതാണ്. നോക്കിപാടാൻ പാടില്ല.

3.3. **പ്രസംഗം:** സമയം 5 മിനിറ്റ്. പ്രസംഗത്തിന് 5 മിനിറ്റ് മുമ്പായിരിക്കും വിഷയം നൽകുന്നത്.

3.4. **കഥാപ്രസംഗം:** സമയം 15 മിനിറ്റ്. പിന്നണിയിൽ എത്രപേർക്ക് വേണമെങ്കിലും സഹായിക്കാം. പിന്നണിയിൽ ഉള്ളവർ ഏററു പാടുന്നതും അനുവദനീയമാണ്. സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിൽ പ്രത്യേക നിയന്ത്രണമില്ല. രംഗത്തുവരുന്നവരും പിന്നണിയിലുള്ളവരും **പാലക്കാട് രൂപതാംഗങ്ങളായിരിക്കണം.** ഇത് വ്യക്തിഗത ചാമ്പ്യൻഷിപ്പിന് പരിഗണിക്കുന്നതല്ല. 'കരോക്കെ' ഉപയോഗിക്കാൻ പാടില്ല. മൈക്ക് ഉണ്ടായിരിക്കുന്നതല്ല.

3.5. **ബൈബിൾ ക്വിസ്:** രണ്ടുപേർ വീതമുള്ള ടീമാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. രൂപതാതലത്തിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ ചോദ്യോത്തര മാർഗ്ഗങ്ങളുപയോഗിച്ചായിരിക്കും വിജയികളെ കണ്ടെത്തുക. ഒരു ടീം മാത്രമേ പങ്കെടുക്കാവൂ.

ജൂനിയേഴ്സ് - സീനിയേഴ്സ് - വിഷയം:

ന്യായാധിപന്മാർ, മത്തായി (സുവിശേഷം), എഫേസൂസ്

ഫൊറോനതല മത്സരം 2019 സെപ്റ്റംബർ 14-ാം തിയ്യതി രാവിലെ 10 മുതൽ 12 വരെ ആയിരിക്കും. അത് ഫൊറോന കേന്ദ്രങ്ങളിൽ വച്ചായിരിക്കും നടക്കുക. രൂപതാതല മത്സരം 2019 സെപ്റ്റംബർ മാസം 21-ാം തിയ്യതി രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും.



1.16.5. പല മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരാൾക്ക് ഈ ഫോറത്തിൽ ഒരു എൻട്രി മതിയാകും. പക്ഷെ, എൻട്രി ഫോമിലെ അതാതു മത്സരയിനങ്ങളുടെ കോളത്തിൽ '✓' ചെയ്യേണ്ടതാണ്.

1.16.6. ഓരോ മത്സരാർത്ഥിയുടെയും ജനന സർട്ടിഫിക്കറ്റ് നിർദ്ദിഷ്ഠ ഫോറത്തിൽ എൻട്രി ഫോമിനൊപ്പം നൽകണം. ജനനസർട്ടിഫിക്കറ്റിൽ ഫോട്ടോ പതിച്ച് ഇടവകയുടെ സീലും വികാരിയച്ചന്റെ ഒപ്പും ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്.

1.16.8. എൻട്രി ഫോറത്തിൽ പേരില്ലാത്ത ഒരാളെയും മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

1.16.9. ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം നിർദ്ദിഷ്ട ഫോമിൽ പൂരിപ്പിച്ച് എൻട്രി ഫോമിൽ പിൻ ചെയ്യേണ്ടതാണ്.

### 1.17. രൂപതാതല രജിസ്ട്രേഷൻ നടത്തേണ്ടവിധം

1.17.1. ഓരോ ഫൊറോനയിൽനിന്നുമുള്ള രൂപതാതല രജിസ്ട്രേഷൻ നടത്തപ്പെടേണ്ടത് ഫൊറോന ഡയറക്ടറുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം.

1.17.2. രൂപതാതല രജിസ്ട്രേഷന്റെ അവസാന തീയതി 2019 ഒക്ടോബർ മാസം 15 ആണ്.

1.17.3. ഓരോ ഫൊറോനയും രൂപതാതല മത്സരത്തിനുള്ള പ്രത്യേക എൻട്രി ഫോറം പൂരിപ്പിച്ച് ഫൊറോന ഡയറക്ടറുടെ ഒപ്പോടുകൂടിയാണ് രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടത്.

1.17.4. ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക് വെവ്വേറെ എൻട്രി ഫോമുകൾ പൂരിപ്പിച്ച് ഏല്പിക്കണം.

1.17.5. ഇടവകയിൽനിന്നും നിർദ്ദിഷ്ഠ ഫോറത്തിൽ ഫൊറോന മത്സരത്തിനായി നൽകിയ ജനന സർട്ടിഫിക്കറ്റ് എൻട്രി ഫോമിനൊപ്പം നൽകണം.

1.17.6. പല മത്സരങ്ങളിൽ പങ്കെടുക്കുന്ന ഒരാൾക്ക് ഈ ഫോറത്തിൽ ഒരു എൻട്രി മതിയാകും. പക്ഷെ, എൻട്രി ഫോമിലെ അതാതു മത്സരയിനങ്ങളുടെ കോളത്തിൽ '✓' ചെയ്യേണ്ടതാണ്.

1.17.7. രൂപതാകേന്ദ്രത്തിൽനിന്നും അംഗീകരിച്ച് മുദ്രവച്ചുതന്ന സ്ക്രിപ്റ്റുകൾ അവയിൽ പേരെഴുതാതെ എന്നാൽ മത്സരാർത്ഥിയുടെ പേര്, ഇനം എന്നിവ മറ്റൊരു കടലാസിലെഴുതി സ്ക്രിപ്റ്റിനൊപ്പം പിൻ ചെയ്ത് നൽകേണ്ടതാണ്.

1.17.8. **ഫൊറോനതല മത്സരത്തിന്റെ വ്യക്തിഗത ഇനങ്ങളിൽ 1 മുതൽ 3 വരെ സ്ഥാനങ്ങൾക്ക് അർഹരായവരുടെയും ഗ്രൂപ്പ് ഇനങ്ങളിൽ 1 മുതൽ 3 വരെ സ്ഥാനങ്ങൾക്ക് അർഹരായവരുടെയും പേര് വിവരം ഇനം തിരിച്ച് ഫൊറോന ഡയറക്ടർ രൂപതയിൽ ഏല്പിക്കേണ്ടതാണ്.**

1.17.11. എൻട്രി ഫോമിൽ പേരില്ലാത്ത ഒരാളെയും രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

## 1.18. പിന്നണിക്കാർ

1.18.1. ഇടവകയുടെ ലെറ്റർ പാഡിൽ വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും ഇടവകയുടെ സീൽ ഫോട്ടോയ്ക്കുമേൽ പതിച്ചിട്ടുള്ളതുമായിരിക്കണം പിന്നണിക്കാരുടെയും കർട്ടൻ ഇൻചാർജിന്റെയും തിരിച്ചറിയൽ രേഖ. അവർ കത്തോലിക്കരായിരിക്കണം. അവരുടെ ഐഡന്റിറ്റിയെകുറിച്ച് പരാതി ലഭിച്ചാൽ തിരിച്ചറിയൽ രേഖ കൈവശം ഇല്ലാത്ത പിന്നണിക്കാരുൾപ്പെടുന്ന ടീമിനെ അയോഗ്യരാക്കി പ്രഖ്യാപിക്കുന്നതാണ്. പിന്നണിക്കാരുടെ പേരുകൾ എൻട്രി ഫോമിൽ എഴുതേണ്ടതില്ല. എന്നാൽ നൽകിയിരിക്കുന്ന പ്രത്യേക ഫോമിൽ എഴുതി എൻട്രി ഫോമിൽ പിൻ ചെയ്യേണ്ടതാണ്. പിന്നണിയിലുള്ളവർക്ക് പ്രായപരിധിയില്ല.

## 1.19. ടീം മാനേജർ

1.19.1. മത്സരവേളകളിൽ ആദ്യന്തം ഓരോ ഫൊറോനയുടെയും ഡയറക്ടറോ, അദ്ദേഹം നിശ്ചയിക്കുന്ന ടീം മാനേജരോ മത്സര സ്ഥലത്ത് ഉണ്ടായിരിക്കണം. രൂപതാ ബൈബിൾ കലോത്സവം പാസ്റ്ററൽ സെന്ററിലും, സെന്റ് റാഫേൽസ് സ്കൂളിലുമായി നടക്കുന്നു. സീനിയർ വിഭാഗം പാസ്റ്ററൽ സെന്ററിലും, ജൂനിയർ, വിഭാഗം മത്സരങ്ങൾ സ്കൂളിലും നടക്കുന്നതുകൊണ്ട് ഓരോ ഫൊറോനയ്ക്കും ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക് വെവ്വേറെ ടീം മാനേജർ ഉണ്ടായിരിക്കേണ്ടതാണ്.

## 1.20. സമ്മാനങ്ങൾ

1.20.1. മത്സരിക്കുന്നവർക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ച് പോയിന്റുകൾ കണക്കാക്കുന്നതാണ്. ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പോയിന്റുകളും, മാർക്കിന്റെ അടിസ്ഥാനത്തിൽ സമ്മാനങ്ങളും നിശ്ചയിക്കുന്നു. നാടകം,



കോപ്പിയും നൽകേണ്ടതാണ്. ഒരിക്കൽ ഒരു രചന അംഗീകരിച്ചു കഴിഞ്ഞാൽ അതിനുപകരമായി മറ്റൊന്നു സ്വീകരിക്കുന്നതല്ല.

2.5.1.3. സൂക്ഷ്മപരിശോധയ്ക്ക് രൂപതാ കേന്ദ്രത്തിൽ വിധേയമാക്കി അംഗീകാരം ലഭിക്കാത്ത സ്ക്രിപ്റ്റുകൾ ഫൊറോന/ രൂപതാതല മത്സരങ്ങളിൽ അവതരിപ്പിക്കാൻ അനുവദിക്കുന്നതല്ല.

2.5.1.4. ഫൊറോനാ ഡയറക്ടർ തങ്ങളുടെ ഫൊറോനയിലെ പള്ളികളിൽനിന്നും കൊണ്ടുവരുന്ന സ്ക്രിപ്റ്റുകൾ ഒന്നിച്ചും ഇനം തിരിച്ചും കൊണ്ടുവരേണ്ടതാണ്.

2.5.1.5. ഇടവകകളിൽനിന്നും ഫൊറോന ഡയറ്കടർ സൂക്ഷ്മപരിശോധനയ്ക്കായി രൂപതാ കേന്ദ്രത്തിൽ കൊണ്ടുവരുന്ന സ്ക്രിപ്റ്റുകളിൽ പേര്, ഇടവകയുടെ പേര് എന്നിവ എഴുതരുത്. അതേ സമയം ഇനം, പേര്, ഇടവക, ജൂനിയർ/സീനിയർ എന്നിവ സ്ലിപ്പിൽ എഴുതി പിൻചെയ്ത് വയ്ക്കുകയും സ്ക്രിപ്റ്റുകളുടെ വിവരങ്ങൾ എഴുതി നൽകാനുള്ള ഫോമിൽ നൽകുകയും ചെയ്യേണ്ടതാണ്.

2.5.1.6. രൂപതാ കേന്ദ്രത്തിൽ സൂക്ഷ്മപരിശോധനയ്ക്കായി കൊണ്ടുവരുന്ന സ്ക്രിപ്റ്റുകൾ പത്തുദിവസത്തിനുശേഷം ഫൊറോന ഡയറക്ടർ സ്വന്തം ഉത്തരവാദിത്വത്തിൽ തിരിച്ചുകൊണ്ടുപോകേണ്ടതാണ്. തിരിച്ചുകൊണ്ടുപോകാത്ത സ്ക്രിപ്റ്റുകൾക്ക് രൂപതാ ബൈബിൾ അപ്പോസ്തോലേറ്റിന്റെ ഓഫീസിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

2.5.1.7. സൂക്ഷ്മപരിശോധനയ്ക്കുശേഷം അയോഗ്യമാക്കപ്പെട്ട സ്ക്രിപ്റ്റുകൾ മാറ്റി വീണ്ടും മറ്റൊരു സ്ക്രിപ്റ്റ്, ഫൊറോനാ ഡയറക്ടർ സ്ക്രിപ്റ്റ് കൈപ്പറ്റിയ ദിവസം തുടങ്ങി ഏഴ് ദിവസത്തിനകം സൂക്ഷ്മപരിശോധനയ്ക്ക് രൂപതാ കേന്ദ്രത്തിൽ വിധേയമാക്കി അംഗീകാരം നേടേണ്ടതാണ്. ഈ സ്ക്രിപ്റ്റും അയോഗ്യമാക്കപ്പെടുന്നപക്ഷം ആ ഇനത്തിൽ ആ ഇടവകയിൽ നിന്നും മത്സരിക്കാൻ സാധ്യമല്ല.

2.5.1.8. ഫൊറോനയിൽ മത്സരിച്ച് സമ്മാനാർഹരായ വ്യക്തികൾ ഫൊറോനയിൽ മത്സരത്തിനുപയോഗിച്ച സ്ക്രിപ്റ്റുകൾ തന്നെയായിരിക്കണം രൂപതയിൽ മത്സരത്തിന് ഉപയോഗിക്കേണ്ടത്.

2.5.1.9. രൂപതാ മത്സരങ്ങൾക്കായി ഫൊറോനയിൽനിന്നു നൽകിയ സ്ക്രിപ്റ്റുകൾ തിരിച്ചുനൽകുന്നതല്ല.

## 2.3. ലേഖനമത്സരം

ലേഖനമത്സരം മൂന്നു ഗ്രൂപ്പുകളായിട്ടാണ് നടത്തുക.

ഗ്രൂപ്പ് നമ്പർ 1 : അല്മായർ
വിഷയം : "കേരള ക്രൈസ്തവരും പ്രേഷിത ദൗത്യവും"

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ
വിഷയം : "ആഗോള സുവിശേഷവത്കരണവും കേരള മിഷനറിമാരും."

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ
വിഷയം : "സഭയുടെ പ്രേഷിതദൗത്യത്തിൽ സമർപ്പിതരുടെ പങ്ക്."

## 2.4. പെയിന്റിംഗ് മത്സരം

പെയിന്റിംഗ് മത്സരം നടക്കുന്നത് ആഗസ്റ്റ് മാസം 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ അതാത് ഫൊറോനകളിലായിരിക്കും. ഒരു ഇടവകയിൽനിന്ന് ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ മൂന്നുപേർക്കുവീതം പങ്കെടുക്കാവുന്നതാണ്. മത്സര സമയത്ത് ബൈബിളിൽ നിന്നും നൽകുന്ന വിഷയത്തിനനുസരിച്ചാവണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് ബ്രഷ് ഉപയോഗിച്ചുള്ള വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. ക്രയോൺസ്, ഓയിൽ പെയിന്റ്, പെൻസിൽ മുതലായവ അനുവദനീയമല്ല. പെൻസിൽകൊണ്ട് ഔട്ട്ലൈൻ ചെയ്യാവുന്നതാണ്.

## 2.5. അവതരണ മത്സരങ്ങൾ

### 2.5.1. സ്ക്രിപ്റ്റ്

2.5.1.1. ബൈബിൾ കലോത്സവത്തിന്റെ അവതരണയിനങ്ങളുടെ എല്ലാ സ്ക്രിപ്റ്റുകളും A4 പേപ്പറിൽ തയ്യാറാക്കി ഒറിജിനലും, ഒരു ഫോട്ടോ കോപ്പിയുംകൂടെ ആഗസ്റ്റ് 24 ന് ഫൊറോന ഡയറക്ടർ വഴിയായി രൂപതാ ബൈബിൾ അപ്പോസ്തോലേറ്റിന്റെ ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം വരുന്ന സ്ക്രിപ്റ്റുകൾ സൂക്ഷ്മപരിശോധനയ്ക്ക് സ്വീകരിക്കുന്നതല്ല.

2.5.1.2. ഒന്നിലധികം ഇനങ്ങൾക്ക് ഒരേ രചനയാണ് ഉപയോഗിക്കുന്നതെങ്കിൽ അവതരണ ഇനങ്ങൾക്കനുസരിച്ച് രചനകളുടെ



തെരുവുനാടകം തുടങ്ങിയവയ്ക്കും മാർക്കും ഗ്രെയ്ഡും പോയിന്റും ലഭിക്കുന്നതാണ്. എന്നാൽ 1, 2, 3 സമ്മാനങ്ങൾക്കുപകരം എ ഗ്രെയ്ഡ് ലഭിക്കുന്ന എല്ലാ ടീമുകൾക്കും സമ്മാനം ലഭിക്കുന്നതാണ്. സംസ്ഥാനതലത്തിൽ മത്സരിക്കാൻ യോഗ്യത നേടുന്നത് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ടീം ആയിരിക്കും.

| Grade | Marks | Group | Single |
|---|---|---|---|
| A | 70-90 | 10 Points | 5 Points |
| B | 60-69 | 7 Points | 3 Points |
| C | 50-59 | 5 Points | 2 Points |
| D | 40-49 | 3 Points | 1 Point |
| E | Below 39 | 0 | 0 |

## 1.21. മത്സരത്തെക്കുറിച്ചുള്ള പരാതികൾ

1.21.1. പരാതികളുണ്ടെങ്കിൽ ടീം മാനേജർമാർ അതാത് ഫൊറോന ഡയറക്ടർമാരുടെ അടുത്താണ് അറിയിക്കേണ്ടത്. പരാതികൾ റിസൾട്ട് പ്രഖ്യാപിച്ച് 15 മിനിറ്റിനുള്ളിൽ രേഖാമൂലം ഫൊറോന ഡയറക്ടർ ജൂറി ഓഫ് അപ്പീലിന് 1000 രൂപ ഫീസോടുകൂടി ഏല്പിക്കേണ്ടതാണ്. നിയമപരമായ സാധുതയുണ്ടെങ്കിൽ തുക തിരികെ നൽകുന്നതാണ്. ജൂറി ഓഫ് അപ്പീലിന്റെ തീരുമാനം അന്തിമമായിരിക്കും.

## 1.22. ഭക്ഷണം

1.22.1 കലോത്സവത്തിൽ പങ്കെടുക്കുന്നവർക്കും സഹായികൾക്കും ഉച്ചഭക്ഷണം രൂപതാപാസ്റ്ററൽ സെന്ററിൽ നിന്ന് ഒരാൾക്ക് 60 രൂപാനിരക്കിൽ ലഭിക്കുന്നതാണ്. വെജിറ്റേറിയൻ ഭക്ഷണമായിരിക്കും. എത്രപേർക്ക് ഭക്ഷണം വേണമെന്ന് ഫൊറോന ഡയറക്ടർമാർ 2019 ഒക്ടോബർ 30-ാം തീയതിയ്ക്കു മുമ്പ് രൂപതാ ബൈബിൾ അപ്പോസ്തോലേറ്റിന്റെ ഓഫീസിൽ അറിയിക്കേണ്ടതാണ്. മത്സര ദിവസം രാവിലെ 09.00 മണിക്ക് മുൻപായി പണമടച്ച് ഡയറക്ടർ ടോക്കൺ കൈപ്പറ്റേണ്ടതുമാണ്. (Lunch Time 12.30 to 2pm)

**1.23. ഫൊറോന മത്സര തിയ്യതികൾ**

**ഒക്ടോബർ 7 തിങ്കൾ** - പാലക്കാട്, തത്തമംഗലം ഒലവക്കോട്, ഒറ്റപ്പാലം

**ഒക്ടോബർ 8 ചൊവ്വ** - വടക്കഞ്ചേരി, മംഗലംഡാം മേലാർകോട്

**ഒക്ടോബർ 12 ശനി** - മണ്ണാർക്കാട്, കാഞ്ഞിരപ്പുഴ പൊന്നംകോട്, താവളം

**1.24. വാണിംഗ് ബെൽ**

ഓരോ മത്സരത്തിന്റെയും സമയക്രമമനുസരിച്ച് വാണിംഗ് ബെൽ മുഴക്കുന്നത് താഴെ പറയുന്ന പ്രകാരമായിരിക്കും.

1. **5 മിനിറ്റ്** - 30 സെക്കന്റ് മുൻപ്
2. **7 / 10 മിനിറ്റ്** - 1 മിനിറ്റ് മുൻപ്
3. **20 മിനിറ്റ്** - 2 മിനിറ്റ് മുൻപ്
4. **30 മിനിറ്റ്** - 3 മിനിറ്റ് മുൻപ്

## 2. പ്രത്യേക നിബന്ധനകൾ

**2.1. രചനാമത്സരങ്ങൾ**

**2.1.1. രചനാമത്സരങ്ങളിൽ കവിത, ചെറുകഥ, നാടകരചന, ലേഖനം എന്നിവയ്ക്ക് പി.ഒ.സി.യിൽ ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ തരംതിരിവില്ല.**

**2.1.2. രചനാമത്സരങ്ങളുടെ റിസൾട്ട് വ്യക്തിഗത ചാമ്പ്യൻഷിപ്പിനോ ഓവറോൾ ചാമ്പ്യൻഷിപ്പിനോ പരിഗണിക്കുന്നതല്ല.**

**2.2 രജിസ്ട്രേഷൻ**

2.2.1. **രചനാമത്സരങ്ങളിൽ പങ്കെടുക്കുന്നവർ തങ്ങളുടെ രചനകൾ രജിസ്ട്രേഷൻ ഫീസായ 50 രൂപയോടൊപ്പം രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ഓഫീസിൽ 2019 നവംബർ 1 ന് മുൻപ് എത്തിക്കുകയോ സെക്രട്ടറി, ബൈബിൾ കമ്മിഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, കൊച്ചി 682025 എന്ന വിലാസത്തിൽ 2019 നവംബർ 10 ന് മുൻപ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കുകയോ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഇല്ലാത്ത രചനകൾ സ്വീകരിക്കുന്നതല്ല.**

2.2.2. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ, വിവർത്തനമോ, മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ, പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.

2.2.3. രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം.

2.2.4. കടലാസിന്റെ ഒരുവശത്തുമാത്രമെ എഴുതാവൂ. ചെറുകഥ ആറു പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്ക നാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം.

2.2.5. രചനകൾ അയയ്ക്കുന്ന കവറിൽ 'അഖിലകേരള ബൈബിൾ കലോത്സവം' 2019 എന്ന് എഴുതിയിരിക്കണം.

2.2.6. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. രചനകൾ നവംബർ മാസം 1-ാം തിയ്യതിക്കു മുമ്പായി രൂപതാകേന്ദ്രത്തിൽ എത്തിക്കുകയോ അല്ലെങ്കിൽ POC യിലേക്ക് 2019 നവംബർ 10 ന് മുമ്പ് ലഭിക്കത്തക്കവിധത്തിൽ നേരിട്ട് അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ഈ തിയ്യതിക്കുശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

2.2.7. രചനാമത്സരങ്ങൾക്ക്, പെയിന്റിംഗ് ഒഴികെ മറ്റൊന്നിനും രൂപതാതലത്തിൽ സമ്മാനം ഉണ്ടായിരിക്കുന്നതല്ല.

2.2.8. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.